ഉത്തരം

(എ) പട്ടയത്തിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) അപേക്ഷ ലഭിക്കുന്ന മുറക്ക് പട്ടയം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ ഏറ്റെടുക്കാൻ ബാക്കിയുള്ള മിച്ചഭൂമി

53 (3139)ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റെടുക്കാനായി മിച്ചഭൂമിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ എത്ര ഏക്കർ വീതം;

(സി) ഇതിനായി സർക്കാർ എന്തു നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) താലൂക്ക് ലാന്റ് ബോർഡുകൾ കേസുകൾ തീർപ്പാക്കുന്ന മുറക്ക് മിച്ചഭൂമി ഏറ്റെടുത്തുവരുന്നു. ഏറ്റെടുക്കാൻ ഇനിയും ബാക്കിയുള്ള ഭൂമി എത്രയും പെട്ടെന്ന് ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖേന തഹസിൽദാർക്ക് നൽകിയിട്ടുള്ളതാണ്. ഏറ്റെടുക്കൽ നടപടിയിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

അങ്കമാലി ആസ്ഥാനമായി താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം

54 (3140)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ താലൂക്ക് പുന:സംഘടന നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് നടക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പുനഃസംഘടന നടക്കുമ്പോൾ ആലുവ താലൂക്ക് വിഭജിച്ച് അങ്കമാലി ആസ്ഥാനമായി ഒരു താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) താലൂക്കുകളും വില്ലേജുകളും പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഗവൺമെന്റിന്റെ പരിഗണയിലാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. പുതിയ സെൻസസ് ആരംഭിക്കുന്നതിനാൽ 2001 മാർച്ച് വരെ റവന്യൂ യൂണിറ്റുകളുടെ അതിർത്തി വ്യതിയാനം പാടില്ലെന്ന് സെൻസസ് ഡയറക്ടർ ജനറൽ നിർദ്ദേശിച്ചിരിക്കുന്നതിനാൽ ഈ വിഷയത്തിൽ ഉടനെ

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമെടുക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. അന്തിമ തീരുമാനം കൈക്കൊള്ളുമ്പോൾ ഇക്കാര്യവും പരിശോധിക്കുന്നതാണ്.

മരങ്ങൾ മുറിക്കുന്നതിന് വിലക്ക്

55 (3141)ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിലെ ചെമ്പോല പട്ടയത്തിൽപ്പെട്ട വസ്തു വിലെ മരങ്ങൾ മുറിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തി എന്ന പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിലക്ക് എത്ര നാളത്തേക്കാണ് ഏർപ്പെടു ത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) വിലക്ക് ഏർപ്പെടുത്തിയിട്ടില്ലായെങ്കിൽ കർഷകരെ ബുദ്ധിമുട്ടി ക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഡി) ദേവികുളം താലൂക്കിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിലെ റിസർവ്, സർക്കാർ വക പട്ടയ പുറമ്പോക്ക്, തരിശ് മുതലായ സ്ഥലങ്ങളി ലുള്ള മരങ്ങളുടെ കൃത്യമായ വിവരങ്ങളെ സംബന്ധിച്ച റിപ്പോർട്ട് നൽകാൻ സർക്കാർ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏത് തീയതിക്കകം റിപ്പോർട്ട് സമർപ്പിക്കണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്, റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ജി) മരം മുറിക്കുന്നതിനുള്ള വിലക്ക് മാറ്റി പട്ടയ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകുമോയെന്ന് വെളിപ്പെടു ത്തുമോ?

ഉത്തരം

(എ)&(ബി) ചെമ്പോല പട്ടയത്തിൽപ്പെട്ട വസ്തുവിൽ മരങ്ങൾ മുറിക്കു ന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കും.

(ഡി) ഇല്ല.

(ഇ)&(എഫ്) ബാധകമല്ല.

(ജി) പട്ടയഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനു നിയമാനു സൃത അനുവാദം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly